"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കണ്ണൂർ ജില്ലയിലെ മണത്തണ വില്ലേജ് ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന് സ്പെഷ്യൽ റെന്റ് നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1438/2026/RD തീയതി,തിരുവനന്തപുരം, 27-07-2026

---

പരാമർശം:-

1. 07.08.2017 തീയതിയിലെ സ.ഉ.(പി)നം.102/2017/ധന നമ്പർ സർക്കാർ ഉത്തരവ്.
2. 10.01.2022 തീയതിയിലെ സ.ഉ.(എം.എസ്)നം.1/2022/ പൊമവ നമ്പർ സർക്കാർ ഉത്തരവ്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 01.06.2026 തീയതിയിലെ എൽ.ആർ/8142/2024-എൽആർ(ജി7) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ മണത്തണ വില്ലേജ് ഓഫീസ് പ്രവർത്തിച്ചിരുന്ന പഴയ കെട്ടിടം പൊളിച്ചുമാറ്റി പുതിയ സ്മാർട്ട് വില്ലേജ് കെട്ടിടം നിർമ്മിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത വില്ലേജ് ഓഫീസിന്റെ പ്രവർത്തനം 25.08.2021 തീയതി മുതൽ 03.09.2023 തീയതി വരെ ശ്രീ. ചൂര്യോട്ട് അബ്ദുൾ സലാം, ശ്രീ.കൊയിലോട്ടറ റഫീക്ക് എന്നിവരുടെ കൈവശത്തിലുള്ള മണത്തണ അംശം പേരാവൂർ ദേശത്തുള്ള റിസ 47/7A-ൽ പ്പെട്ട സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പേരാവൂർ ഗ്രാമപഞ്ചായത്തിൽ 11-ാം വാർഡിൽ 877/J നമ്പർ കെട്ടിടത്തിലാണ് പ്രവർത്തിച്ചു വന്നിരുന്നത്.

2] പൊതുമരാമത്ത് വകുപ്പിന്റെ റെന്റ് സർട്ടിഫിക്കറ്റ് പ്രകാരം ചതുരശ്ര മീറ്ററിന് 132.80 രൂപ നിരക്കിൽ ഒക്യൂപൈഡ് കാർപ്പെറ്റ് ഏരിയയായ 53.04 ചതുരശ്ര മീറ്ററിന് 7,044/- രൂപ (ഏഴായിരത്തി നാല്പത്തി നാല് രൂപ മാത്രം) പ്രതിമാസ വാടക നിശ്ചയിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ മണത്തണ വില്ലേജാഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്ന സമയത്ത് പഴയ കെട്ടിടം പൊളിക്കേണ്ടി വന്ന സാഹചര്യത്തിൽ മറ്റ് സർക്കാർ കെട്ടിടങ്ങൾ ലഭ്യമല്ലാത്തതിനാലാണ് വാടക കെട്ടിടത്തിലേയ്ക്ക് ഓഫീസ് പ്രവർത്തനം മാറ്റേണ്ടി വന്നതെന്നും വില്ലേജ് ഓഫീസ് ജീവനക്കാരുടെ ഉപയോഗത്തിന് പുറമേ വില്ലേജ് രേഖകൾ സൂക്ഷിക്കുന്നതിനുള്ള റക്കോർഡ് റും ചാർജ് ഓഫീസറുടെ പരിശോധനയ്ക്കായും വില്ലേജ്തല ജനകീയ സമിതി ചേരുന്നതിനും കൂടാതെ സ്റ്റാറ്റിസ്റ്റിക്സ് വകപ്പ് ഉൾപ്പെടെയുള്ള മറ്റു വകുപ്പുകളിൽ നിന്നും സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനും അധിക സ്ഥലം ആവശ്യമുള്ളതായി കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ മണത്തണ വില്ലേജാഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ഒക്യൂപൈഡ് കാർപ്പെറ്റ് ഏരിയ 53.04 ചതുരശ്ര മീറ്ററിന് 7,044/- രൂപ (ഏഴായിരത്തി നാല്പത്തി നാല് രൂപ മാത്രം) നിർണ്ണയിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് റെന്റ് സർട്ടിഫിക്കറ്റും മറ്റ് അനുബന്ധ രേഖകളും സഹിതം, ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശത്തിലെ കത്ത് പ്രകാരം

അഭ്യർത്ഥിക്കുകയുണ്ടായി.

3] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 2-ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി കണ്ണൂർ ജില്ലയിലെ മണത്തണ വില്ലേജാഫീസ് 25.08.2021 മുതൽ 03.09.2023 വരെ പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന്റെ ഒക്യൂപൈഡ് കാർപ്പെറ്റ് ഏരിയയായ 53.04 ചതുരശ്ര മീറ്ററിന് ആനുപാതികമായി പ്രതിമാസം 7,044/- രൂപ (ഏഴായിരത്തി നാല്പത്തി നാല് രൂപ മാത്രം) സ്പെഷ്യൽ റെന്റ് നിർണ്ണയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAM KUMAR C R
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കണ്ണൂർ
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
പൊതുമരാമത്ത് വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by
Sheeba V R
Date: 27-07-2026
17:21:59
സെക്ഷൻ ഓഫീസർ